**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കേസ്സുകൾ നടത്തുന്നതിനുള്ള വക്കീൽ ഫീസ് പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

==========================================
==========================================

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ(എം.എസ്)നം.36 /16/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/02/16

==========================================
==========================================

പരാമർശം: വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/08/2015-ലെ 2.3-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശിത യോഗത്തിൽ നിലവിലുള്ള കേസുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വക്കീൽ ഫീസായി 3000 രൂപ വരെ അനുവദിക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആയത് 15,000 രൂപ വരെ വർദ്ധിപ്പിക്കുന്നതിനും, വകുപ്പദ്ധ്യക്ഷന്മാരുടെ അനുമതിയോടുകൂടി 50,000 രൂപ വരെ ചെലവഴിക്കാൻ അനുമതി നൽകുന്നതിനും അതിന് മുകളിലുള്ള തുകയ്ക്ക് സർക്കാരിന്റെ അനുമതി തേടേണ്ടതാണെന്നും തീരുമാനിച്ചു.

മേൽ തീരുമാനം നടപ്പിലാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും)ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി ആവശ്യമുണ്ടെങ്കിലും ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കാലതാമസം കണക്കിലെടുത്തും വക്കീൽ ഫീസുമായി ബന്ധപ്പെട്ട് ധാരാളം ഫയലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്തും മേൽ പറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസുകൾക്ക്

കേസൊന്നിന് 15,000 രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിനും 50,000 രൂപ വരെ വകുപ്പദ്ധ്യക്ഷന്മാരുടെ അനുമതിയ്ക്ക് വിധേയമായി ഈ ഇനത്തിൽ ചെലവഴിയ്ക്കുന്നതിനും അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു. 50,000 രൂപയ്ക്ക് മുകളിലുള്ള തുക വക്കീൽ ഫീസായി ചെലവഴിയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി തേടേണ്ടതാണ്.

ഇതനുസരിച്ച് പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതി നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും സർക്കാരിന് അടിയന്തി രമായി സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
(എ.പി.എൻ. മുഹമ്മദ് ഹനീഷ്)
നഗരകാര്യ സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം.
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എല്ലാ റീജയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
5. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
7. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ്ഭവൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
8. ഡയക്ടർ, KILA
9. ഡയക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
10. തസ്വഭവ (ഒ.എസ്) വകുപ്പ്. (ഫയൽ നമ്പർ LSGD- EPA3/487/2015-LSGD)
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ